بِسۡمِ اللّٰہِ الرَّحۡمٰنِ الرَّحِیۡمِ

# Khutba Khulasa 06.12.2019 ഖുത്ബ സംഗ്രഹം

**സയ്യിദുനാ ഹദ്റത്ത് അമീറുൽ മുഅ്മിനീൻ ഖലീഫത്തുൽ മസീഹ് അൽഖാമിസ് അയ്യദഹുല്ലാഹ്**

*മുബാറക്ക് മോസ്ക്, ഇസ്ലാമാബാദ്, യു.കെയിൽ ജുമുഅ ഖുത്വ്ബയുടെ സംഗ്രഹം*

## നബി(സ) തിരുമേനിയുടെ മഹോന്നത പദവിയിലുള്ള ബദരീ സഹാബികളുടെ സ്തുത്യർഹമായ ഗുണവിശേഷങ്ങളുടെ വിശ്വാസവർധക വിവരണങ്ങൾ

أَشْهَدُ أَنْ لَّا إِلٰهَ إِلَّا اللّٰهُ وَحْدَهٗ لَا شَرِيْكَ لَهٗ وَأَشْهَدُ أَنَّ مُحَمَّدًا عَبْدُهٗ وَرَسُوْلُهٗ

أَمَّا بَعْدُ فَأَعُوْذُ بِاللّٰهِ مِنَ الشَّيْطٰنِ الرَّجِيْمِ ۔ بِسْمِ اللّٰهِ الرَّحْمٰنِ الرَّحِيْمِ

اَلْحَمْدُ لِلّٰهِ رَبِّ الْعٰلَمِيْنَ ۔ الرَّحْمٰنِ الرَّحِيْمِ ۔ مٰلِكِ يَوْمِ الدِّيْنِ ۔ إِيَّاكَ نَعْبُدُ وَإِيَّاكَ نَسْتَعِيْنُ

اِهْدِنَا الصِّرَاطَ الْمُسْتَقِيْمَ ۔ صِرَاطَ الَّذِيْنَ أَنْعَمْتَ عَلَيْهِمْ غَيْرِ الْمَغْضُوْبِ عَلَيْهِمْ وَلَا الضَّآلِّيْنَ

ഇന്ന് ഞാൻ വിവരിക്കാൻ പോകുന്ന ബദരി സഹാബിയുടെ പേര് ഹദ്റത്ത് ഹിലാൽ ബിൻ ഉമയ്യ വാഖഫി എന്നാണ്. ഹദ്റത്ത് ഹിലാൽ ബിൻ ഉമയ്യ വാഖഫി ആദ്യകാലത്ത് തന്നെ ഇസ്ലാം സ്വീകരിച്ചവരിൽ ഉൾപ്പെടുന്നു. ഹദ്റത്ത് ഹിലാലിന് തബൂക്ക് യുദ്ധത്തിൽ പങ്കെടുക്കാൻ സാധിച്ചില്ല. തബൂക്ക് യുദ്ധത്തിൽ യാതൊരു കാരണവും കൂടാതെ പങ്കെടുക്കാൻ സാധിക്കാത്ത 3 അൻസാർ സഹാബിമാരിൽ ഇദ്ദേഹവും ഉൾപ്പെടുന്നു. മറ്റു രണ്ടു സഹാബിമാർ കഅബ് ബിൻ മാലിക്, മുറാറ ബിൻ റബീഅ് എന്നിവരാണ്. ഇവരെ സംബന്ധിച്ച് വിശുദ്ധ ഖുർആനിൽ ഈ ആയത്തും അവതരിച്ചിട്ടുണ്ട്.

وَّعَلَى الثَّلٰثَةِ الَّذِيۡنَ خُلِّفُوۡا ؕ حَتّٰۤى اِذَا ضَاقَتۡ عَلَيۡهِمُ الۡاَرۡضُ بِمَا رَحُبَتۡ وَضَاقَتۡ عَلَيۡهِمۡ اَنۡفُسُهُمۡ وَظَنُّوۡۤا اَنۡ لَّا مَلۡجَاَ مِنَ اللّٰهِ اِلَّاۤ اِلَيۡهِ ؕ ثُمَّ تَابَ عَلَيۡهِمۡ لِيَتُوۡبُوۡا ؕ اِنَّ اللّٰهَ هُوَ التَّوَّابُ الرَّحِيۡمُ ﴿۱۱۸﴾

പിന്മാറി നിന്ന മൂന്നുപേരിലേക്കും (അല്ലാഹു പശ്ചാത്താപം സ്വീകരിച്ചുകൊണ്ട് തിരിഞ്ഞിരിക്കുന്നു) ഏത്രത്തോളമെന്നാൽ, ഭൂമി വിശാലമായിരുന്നെങ്കിലും അവർക്ക് ഇടുങ്ങിയതായിത്തീരുകയും അവരുടെ ആത്മാക്കൾ പ്രയാസം അനുഭവിക്കാൻ തുടങ്ങുകയും അല്ലാഹുവിൽനിന്ന് അവനിലേക്കല്ലാതെ വേറൊരു അഭയ മാർഗവുമില്ലെന്ന് അവർ മനസ്സിലാക്കുകയും ചെയ്തപ്പോൾ അവർക്ക് പശ്ചാത്തപിക്കാൻ കഴിയുന്നതിനുവേണ്ടി പിന്നെ അവൻ അവരിലേക്ക് സ്വീകാര്യത നല്കിക്കൊണ്ട് തിരിഞ്ഞു. തീർച്ചയായും അല്ലാഹു തന്നെയാണ് വീണ്ടും വീണ്ടും പശ്ചാത്താപം സ്വീകരിക്കുന്നവനും കൂടെക്കൂടെ കരുണചെയ്യുന്നവനും. (തൗബ 118)

തബൂക്ക് യുദ്ധം ഹിജ്റ ഒമ്പതിനാണ് സംഭവിച്ചത്. ബുഖാരിയിലെ നിവേദനത്തിൽ നീണ്ട ഒരു സംഭവം ഈ മൂന്നു സഹാബിമാർ യുദ്ധത്തിൽ പങ്കെടുക്കാത്ത സാഹചര്യത്തെ കുറിച്ച് വിവരിക്കുന്നുണ്ട്. ഹദ്റത്ത് കഅബ് ബിൻ മാലികിന്റെ പേരമകൻ അബ്ദുറഹ്മാൻ തന്റെ പിതാവായ അബ്ദുല്ലാ ബിൻ കഅ ബിൽ നിന്ന് നിവേദനം ചെയ്യുന്നു: ഹദ്റത്ത് കഅബ് ബിൻ മാലിക്ക് പറയുന്നു: ഞാൻ റസൂലുല്ലാഹ്(സ) തിരുമേനി പങ്കെടുത്ത എല്ലാ യുദ്ധങ്ങളിലും പങ്കെടുത്തിട്ടുണ്ട്. എന്നാൽ തബൂക്ക് യുദ്ധം ഒഴികെ. റസൂലുല്ലാഹ്(സ) ഖുറൈശികളുടെ സംഘത്തെ തടയുകയെന്ന ഒരേയൊരു ഉദ്ദേശത്തോടെ പുറപ്പെട്ടു. എന്നാൽ ഫലത്തിൽ സംഭവിച്ചത്, അല്ലാഹു അവരെ ശത്രുകളുമായി കൂട്ടിമുട്ടിച്ചു. മുമ്പൊന്നും തന്നെ എന്റെ സാമ്പത്തികാവസ്ഥ മെച്ചപ്പെട്ടതായിരുന്നില്ല. എന്നാൽ, തബൂക് യുദ്ധത്തിൽ പങ്കെടുക്കാൻ സാധിക്കാതെ വന്ന സാഹചര്യത്തിൽ എനിക്ക് മെച്ചപ്പെട്ട സാമ്പത്തികാവസ്ഥയായിരുന്നു ഉണ്ടായിരുന്നത്. അതിന് മുമ്പ് ഒരിക്കലും യാത്രക്കായി ഒട്ടകങ്ങൾ സ്വരൂപിക്കാൻപോലും സാധിക്കുമായിരുന്നില്ല. അങ്ങനെ നബി കരീം(സ) തിരുമേനി നല്ല ചൂടുള്ള കാലാവസ്ഥയിൽ തബൂക് യുദ്ധത്തിനായി പുറപ്പെട്ടു. അങ്ങയുടെ മുന്നിൽ സുദീർഘമായ യാത്രയും വിജനമായ പ്രദേശവും ശത്രുക്കളുമായിരുന്നു ഉണ്ടായിരുന്നത്. അവർ എണ്ണത്തിൽ വളരെയധികമായിരുന്നു. മുസലിംകൾ പോരാട്ടത്തിന് തയ്യാറെടുക്കുന്നതിനായി അവിടുന്ന് സ്ഥിതിവിശേഷങ്ങൾ അവരുടെ മുമ്പാക്കെ തുറന്ന് വെച്ചു. അങ്ങനെ റസൂലുല്ലാഹ്(സ) തിരുമേനിയും മറ്റു മുസ്ലിംകളും യുദ്ധത്തിനായി തയ്യാറെടുപ്പ് തുടങ്ങി. ഞാൻ രാവിലെ അവരോടൊപ്പം തയ്യാറാകുന്നതിനായി പുറപ്പെടും. എന്നാൽ ഒരു തയ്യാറെടുപ്പും നടത്താതെ തിരിച്ച് വരും. ഞാൻ മനസ്സിൽ വിചാരിച്ചിരുന്നത്, എന്റെ പക്കൽ സാധനങ്ങളുണ്ട്, അതുകൊണ്ട് എനിക്ക് എപ്പോൾ വേണമെങ്കിലും തയ്യാറാകാൻ സാധിക്കും എന്നായിരുന്നു. ഈ ചിന്ത എന്നിൽ അലസമനോഭാവം ഉണ്ടാക്കി. അങ്ങനെ ആളുകളെല്ലാം തയ്യാറെടുപ്പ് പൂർത്തിയാക്കി. റസൂലുല്ലാഹ്(സ) തിരുമേനി ഒരു പകൽ യാത്രക്കായി പുറപ്പെടുകയും ചെയ്തു. മുസ്ലിംകളും അങ്ങയോടൊപ്പം യാത്ര തിരിച്ചു. എന്നാൽ ഞാൻ എന്റെ യാത്രക്കായി യാതൊരു തയ്യാറെടുപ്പും നടത്തിയിരുന്നില്ല. എന്നാൽ ഞാൻ ചിന്തിച്ചത്, അങ്ങ് പോയതിന് ഒന്നോ രണ്ടോ ദിവസത്തിനുശേഷം തയ്യാറെടുപ്പ് നടത്തി അവരുമായി കൂടിച്ചേരാമെന്നായിരുന്നു.

പിന്നീട് പറയുന്നു: അതിനുശേഷവും എനിക്ക് തയ്യാറെടുപ്പ് നടത്താൻ സാധിച്ചില്ല. അങ്ങനെ സേന വേഗത്തിൽ യാത്ര ചെയ്ത് ഒരുപാട് ദൂരം മറികടന്നു. അതോടെ ഞാൻ പിന്നിലായി പോയി. റസൂലുല്ലാഹ്(സ) തിരുമേനിക്ക് തബൂക് എത്തുന്നതുവരെ എന്നെ കുറിച്ച് ഓർമ്മ ഉണ്ടായിരുന്നില്ല. നബി(സ) തിരുമേനി തബൂകിൽ ആളുകളുമായി ഇരിക്കുന്ന അവസരത്തിൽ ചോദിച്ചു: കഅബ് എവിടെ യാണ്? ബനൂ സൽമയിലെ ഒരാൾ പറഞ്ഞു: അല്ലാഹുവിന്റെ റസൂലേ, അദ്ദേഹത്തിന്റെ രണ്ട് പുതപ്പുകളും ഇടംവലം നോക്കലും അദ്ദേഹത്തെ ഇതിൽനിന്ന് തടഞ്ഞിരിക്കുന്നു. അപ്പോൾ ഹദ്റത്ത് മആദ് ബിൻ ജബൽ പറഞ്ഞു: അല്ലാഹുവിന്റെ റസൂലേ, അദ്ദേഹത്തിൽ നിന്ന് നമുക്ക് നല്ല അനുഭവമാണ് ഉണ്ടായിട്ടുള്ളത്. അദ്ദേഹത്തിൽ വല്ലദുരഭിമാനമോ, അഹങ്കാരമോ, കാപട്യമോ ഇല്ല. റസൂലുല്ലാഹ്(സ) തിരുമേനി അത് കേട്ട് നിശബ്ദ നായി. ഹദ്റത്ത് കഅബ് ബിൻ മാലിക് പറയുന്നു: അവിടുന്ന് തിരിച്ച് വരുന്നുവെന്ന വിവരം എനിക്ക് ലഭിച്ചപ്പോൾ എനിക്ക് ആവലാതി ഉണ്ടായി. നാളെ അങ്ങയുടെ നീരസത്തിൽനിന്ന് രക്ഷ നേടാനായി കളവുകൾ ഞാൻ ചിന്തിച്ചുകൂട്ടി. എന്നാൽ നബി(സ) തിമേനി എത്തിയപ്പോൾ എന്റെ മനസ്സിൽനിന്ന് എല്ലാ കളവുകളും തുടച്ച് നീക്കം ചെയ്യപ്പെട്ടു. കളവ് ഉള്ള ഒന്നിലൂടെ എനിക്ക് ഒരിക്കലും അങ്ങയുടെ കോപത്തിൽ നിന്ന് രക്ഷപ്പെടാൻ സാധിക്കുകയില്ല. അതുകൊണ്ട് ഞാൻ അങ്ങയോട് സത്യം മാത്രമേ പറയൂവെന്ന തീരുമാനത്തിൽ ഉറച്ച് നിന്നു. അവിടുന്ന് മസ്ജിദിൽ പ്രവേശിച്ചു. പങ്കെടുക്കുന്നതിൽനിന്ന് വിട്ട് നിന്നവർ അദ്ദേഹത്തിന്റെ സമീപത്ത് എത്തി. അങ്ങയോട് കാര്യകാരണങ്ങൾ പറയാൻ തുടങ്ങി. റസൂലുല്ലാഹ്(സ) പ്രത്യക്ഷത്തിലുള്ള അവരുടെ കാരണങ്ങൾ എല്ലാം അംഗീകരിച്ചു. അങ്ങനെ അവരിൽ നിന്ന് ബയ്അത്തും വാങ്ങി. അവർക്കുവേണ്ടി ഇസ്തിഗ്ഫാറും ചെയ്തു. അവരുടെ മനസ്സിലിരിപ്പ് അല്ലാഹുവിൽ സമർപ്പിച്ചു. അതിനുശേഷം ഞാൻ നബി(സ) തിരുമേനിയുടെ സമീപത്ത് ചെന്നു. അങ്ങയോട് സലാം പറഞ്ഞു. നീരസമുഖഭാവത്തോടെ എന്നെ നോക്കി ചിരിച്ചുകൊണ്ട് തിരുനബി(സ) പറഞ്ഞു: മുന്നോട്ട് വരിക. ഞാൻ ചെന്നു. അങ്ങയുടെ മുന്നിൽ ഇരുന്നു. അവിടുന്ന് എന്നോട് ചോദിച്ചു: എന്ത് കാര്യമാണ് താങ്കളെ തടഞ്ഞു നിർത്തിയത്? താങ്കൾ സവാരി വാങ്ങിയിരുന്നില്ലേ? ഞാൻ പറഞ്ഞു: അതെ. എന്നാൽ അല്ലാഹുവാണ! അവിടുന്ന ല്ലാതെ ലോകത്തിലെ മറ്റ് ഏത് മനുഷ്യന്റെ അടുത്ത് ഇരുന്നാലും ശരി, ഞാൻ അയാളുടെ നീരസത്തിൽനിന്ന് ഒഴികഴിവ് പറഞ്ഞ് രക്ഷപ്പെടാൻ സാധിക്കുംവിധം കഴിവ് എനിക്ക് ഉണ്ട്. എന്നാൽ അല്ലാഹുവിനെകൊണ്ട് സത്യം! എനിക്കറിയാം, ഇന്ന് ഞാൻ അങ്ങയോട് വല്ല കളവും പറയുന്നതായാൽ, അതിലൂടെ അങ്ങ് എന്നിൽ തൃപ്തിപ്പെട്ടാലും ശരി, അല്ലാഹു ഉടൻ തന്നെ എന്നിൽ നീരസപ്പെടുന്നതായിരിക്കും. ഇനി ഞാൻ അങ്ങയോട് സത്യമാണ് പറയുന്നതെങ്കിൽ, അതിലൂടെ അവിടുന്ന് നീരസപ്പെട്ടാലുംശരി, ഞാൻ അതിൽ അല്ലാഹുവിന്റെ പൊറുക്കലിനെ പ്രതീക്ഷിക്കുന്നു. ശേഷം ഹദ്റത്ത് കഅബ് പറയുന്നു: അല്ലാഹുവാണ സത്യം! എനിക്ക് യാതൊരുതര ഒഴികഴിവും ഉണ്ടായിരുന്നില്ല. അല്ലാഹുവാണ സത്യം! ഞാൻ അങ്ങയോടൊപ്പം പങ്കെടുക്കാതിരുന്ന ആ സന്ദർഭത്തിൽ എനിക്ക് ഉണ്ടായിരുന്ന ഐശ്വരപൂർണവും ആരോഗ്യപരവുമായ അവസ്ഥ മുമ്പ് ഉണ്ടായിട്ടേയില്ല. റസൂലുല്ലാഹ്(സ) അത് കേട്ട് പറഞ്ഞു: ഇദ്ദേഹം സത്യമാണ് പറയുന്നത്. ശേഷം അവിടുന്ന് പറഞ്ഞു: എഴുന്നേ ൽക്കുക, അല്ലാഹു താങ്കളെ സംബന്ധിച്ച് വല്ല തീരുമാനവും കൈകൊള്ളട്ടെ. ഞാൻ എഴുന്നേറ്റ് അവിടെ നിന്നു പോയി. ബനു സൽഫയിലെ ചിലയാളുകളും അവിടെ നിന്ന് എഴുന്നേറ്റ് എന്റെ പിന്നാലെ വന്നു. അവർ എന്നോട് പറഞ്ഞു: നിനക്ക് റസൂലുല്ലാഹ്(സ) തിരുമേനിയുടെ മുമ്പാകെ യാതൊരു ഒഴിവും പറയാനുള്ള കഴിവില്ലേ? അതിലൂടെ റസൂലുല്ലാഹ്(സ) തിരുമേനി നിനക്കായി ഇസ്തിഗ്ഫാർ ചെയ്യുന്നതായാൽ നിന്റെ പാപപൊറുതിക്ക് അതു മതിയായിരുന്നു. ഞാൻ അവരോട് ചോദിച്ചു: റസൂലുല്ലാഹ്(സ) തിരുമേനിയോട് കുറ്റം ഏറ്റു പറഞ്ഞ മറ്റ് വല്ല ആളുകളും എന്റെയൊപ്പമുണ്ടോ? അവർ പറഞ്ഞു: അതെ രണ്ടുപേരും കൂടിയുണ്ട്. അവർക്കും നിനക്ക് നല്കപ്പെട്ട അതെ മറുപടിയാണ് നല്കിയത്. ഞാൻ ചോദിച്ചു: അവർ ആരൊ ക്കെയാണ്? പറയുന്നു: അതിൽ ഒന്ന് മുറാറ ബിൻ റബീഅ് അംറിയും രണ്ടാമത്തേത് ഹിലാല് ബിൻ ഉമയ്യാ വാഖിഫിയുമാണ്. ഹദ്റത്ത് കഅബ് പറയുന്നു: അവർ ബദറിൽ പങ്കെടുത്ത രണ്ട് നല്ലവരായ ആളുകളുടെ പേരുകളാണ് എന്നോട് പറഞ്ഞത്. അവർ രണ്ട് പേരിലും എനിക്കും മാതൃകയുണ്ടായിരുന്നു. അങ്ങനെ ഞാൻ അവരുടെ സമീപത്തേക്ക് പോയി. റസൂലു ല്ലാഹ്(സ) മുസ്‌ലിംകളെ ഞങ്ങളുമായി സംസാരിക്കുന്നതിൽനിന്ന് തടഞ്ഞു.

ആളുകൾ അപരിചിതരോടെന്ന പോലെ ഞങ്ങളിൽ നിന്നു വിട്ടുനില്ക്കാൻ തുടങ്ങി. തദവസരത്തിൽ ഞാൻ മദീനയിലെ അങ്ങാടികളിലൂടെ നടക്കുന്ന സമയത്ത് സിറിയയിൽ വസിക്കുന്ന ഒരു നബത്തി വിളിച്ചു പറഞ്ഞുകൊണ്ടിരുന്നു, കഅബ് ബിൻ മാലിക്കിനെ കുറിച്ച് ആർക്കെങ്കിലും അറിയുമോ? ആളുകൾ എന്റെ നേരെ ആംഗ്യംകാട്ടി. അയാൾ എന്റെ അടുത്ത് വന്നു. ഗുസാനിലെ രാജാവിന്റെ പക്കൽ നിന്നുള്ള ഒരു കത്ത് അയാൾ എനിക്ക് നല്കി. അതിൽ ഉണ്ടായിരുന്ന വിഷയം ഇതാണ്, താങ്കളുടെ കുട്ടാളികൾ താങ്കളോട് കാഠിന്യം കാണിച്ചുകൊണ്ട് ഒറ്റപ്പെടുത്തിയിരിക്കുന്നെന്നാണ് എനിക്ക് വിവരം

ലഭിച്ചത്. അപമാനിക്കുന്നതിനും നഷ്ടപ്പെടുത്തികളയുന്നതിനുംവേണ്ടിയല്ല അല്ലാഹു താങ്കളെ സൃഷ്ടിച്ചിരിക്കുന്നത്. താങ്കൾ നമ്മെ വന്ന് കാണുക. നാം താങ്കൾക്ക് വേണ്ട സഹായ ങ്ങൾ ചെയ്യുന്നതാണ്. പറയുന്നു: ആ കത്ത് വായിച്ചപ്പോൾ ഞാൻ സ്വയം പറഞ്ഞു: ഇതും ഒരു പരീക്ഷണമാണ്. ഞാൻ ആ കത്തുമായി ഒരു അടുപ്പിനടുത്തേക്ക് പോയി. ആ കത്ത് അതിലേക്ക് ഇട്ടു. അങ്ങനെ 50 ദിവസങ്ങളിലെ 40 ദിവസങ്ങൾ കഴിഞ്ഞപ്പോൾ, എനിക്ക് റസൂലു ല്ലാഹ്(സ) തിരുമേനിയുടെ അറിയിപ്പ് ലഭിച്ചു. നിങ്ങൾ ഭാര്യമാരിൽനിന്ന് വിട്ട് നില്ക്കുക. ഞാൻ അവൾക്ക് തലാഖ് നല്കട്ടെയെന്ന് ചോദിച്ചു. അദ്ദേഹം പറഞ്ഞു: അവളിൽ നിന്ന് വിട്ട് നില്കുക, സമീപത്ത് പോകാതിരിക്കുക. നബി(സ) തിരുമേനി, എന്റെ രണ്ട് കൂട്ടാളികൾക്കും ഇതേ സന്ദേശം അയക്കുകയുണ്ടായി. അതിനുശേഷം പറയുന്നു: പിന്നെ പത്ത് ദിവസം കൂടി കഴിഞ്ഞു. അങ്ങ നെ 50 ദിവസം കഴിഞ്ഞ പിറ്റേ ദിവസം രാവിലെ സുബഹി നമസ്കാരത്തിനുശേഷം, ഞാൻ എന്റെ വീടിന്റെ മുകളിൽ കയറി നില്കുന്ന സമയത്ത്, ഒരു വിളിയാളിന്റെ വിളി ഞാൻ കേട്ടു. അയാൾ സലഅ് പർവതത്തിന്റെ മുകളിൽ കയറി വലിയ ശബ്ദത്തിൽ വിളിച്ച് പറഞ്ഞു, അല്ലയോ കഅബ് ബിൻ മാലിക് നിങ്ങൾക്കിതാ ഒരു സന്തോഷവാർത്ത. അത് കേട്ട് ഞാൻ സുജൂദിൽ വീണു. പ്രയാസങ്ങൾ ദൂരീകരിക്കപ്പെട്ടുവെന്ന് എനിക്ക് മനസ്സിലായി. റസൂലുല്ലാഹ്(സ) തിരുമേനി സുബഹി നമസ്കാരത്തിന്ശേഷം വിളംബരം ചെയ്തു. അതായത് അല്ലാഹു തന്റെ ഔദാര്യത്താൽ ഞങ്ങളുടെ തെറ്റുകൾ മാപ്പാ ക്കിയിരിക്കുന്നു. ഇതുകേട്ട് ആളുകൾ സന്തോഷവാർത്ത അറിയിക്കാൻ ഞങ്ങളുടെ അടുത്തേക്ക് പാഞ്ഞു. ഞാൻ റസൂലുല്ലാഹ്(സ) തിരുമേനിയുടെ സമീപത്തേക്ക് ചെന്നു. ആളുകൾ സംഘങ്ങളായി എന്നെ കാണുകയും തൗബ സ്വീകരിക്കപ്പെട്ടതിനാൽ അവർ എന്നെ അനുമോദിക്കുകയും ചെയ്തു. പറഞ്ഞു: നിങ്ങൾക്ക് ആശംസകൾ, അല്ലാഹു നിങ്ങളിൽ കരുണ ചെയ്തുകൊണ്ട് തൗബ സ്വീകരിച്ചിരിക്കുന്നു. ഹദ്റത്ത് കഅബ് പറയു ന്നു: അവസാനം ഞാൻ പള്ളിയിലെത്തി. റസൂലുല്ലാഹ്(സ) ഇരിക്കുന്നു. ചുറ്റുമായി ആളുകളെയും ഞാൻ കണ്ടു. ഹദ്റത്ത് തൽഹ ബിൻ ഉബയ്ദുല്ലാഹ് എന്നെ കണ്ട് എന്റെ സമീപത്തേക്ക് ഓടിവന്നു. എന്നെ ആലിംഗനം ചെയ്തു. ആശംസകൾ നല്കി. ഞാൻ റസൂലു ല്ലാഹ്(സ)യോട് അസ്സലാമു അലൈക്കും എന്ന് പറഞ്ഞപ്പോൾ അങ്ങയുടെ തിരുമുഖം സന്തോഷത്താൽ പ്രഭാപൂരിതമായിരുന്നു. അവിടുന്ന് പറഞ്ഞു: താങ്കളുടെ മാതാവ് താങ്കൾക്ക് ജന്മം നല്കിയത് മുതൽ ഇന്നേക്ക് വരെയുള്ള ദിവസങ്ങളിൽ വെച്ച് അങ്ങേയറ്റം നന്മ നിറഞ്ഞ ദിവസമായ ഇന്ന്, താങ്കൾക്ക് അനുഗൃഹീതമായിരിക്കട്ടെ. ഞാൻ ചോദിച്ചു: അല്ലാഹുവിന്റെ റസൂലേ! ഈ സന്തോഷവാർത്ത അങ്ങയിൽനിന്നുള്ളതാണോ, അതോ അല്ലാഹുവിൽനിന്നുള്ളതാണോ? നബി(സ) തിരുമേനി പറഞ്ഞു: എന്റെയല്ല. മറിച്ച് അല്ലാഹുവിൽനിന്നുള്ളതാണ്. റസൂലുല്ലാഹ്(സ) സന്തോഷവാനായി കഴിഞ്ഞാൽ അങ്ങയുടെ തിരുമുഖം പ്രകാശഭരിതമായി മാറി, ചന്ദ്രന്റെ കഷണമാണെന്ന് തോന്നും. ഞങ്ങൾ അതിലൂടെ അങ്ങയുടെ സന്തോഷം തിരിച്ചറിയുകയും ചെയ്തിരുന്നു. ഞാൻ അങ്ങയുടെ തിരുമുന്നിൽ ഇരുന്നുകൊണ്ട് പറഞ്ഞു: അല്ലാഹുവിന്റെ റസൂലേ! എന്റെ തൗബ സ്വീകരിച്ചതിനാൽ, ഞാൻ എന്റെ എല്ലാ ധനത്തിൽനിന്ന് വിട്ട് നില്ക്കാനും അത് അല്ലാഹുവിന്റെ മാർഗത്തിൽ സദഖയായി നല്കാനും ആഗ്രഹിക്കുന്നു. റസൂലുല്ലാഹ്(സ) തിരുമേനി പറഞ്ഞു: സമ്പത്തിൽനിന്ന് കുറച്ച് താങ്കൾക്ക്വേണ്ടിയും മാറ്റിവെക്കുക. കാരണം അതായിരിക്കും താങ്കൾക്ക് ഉത്തമം. ഞാൻ പറഞ്ഞു: ഖൈബറിൽ നിന്ന് ലഭിച്ചത് തന്റെ ഭാഗമായി വെക്കുന്നതാണ്. അല്ലയോ അല്ലാഹുവിന്റെ റസൂലേ! സദഖ കാരണമാണ് അല്ലാഹു എനിക്ക് മോക്ഷം നല്കിയത്. എന്റെ തൗബയിൽ ഞാൻ ജീവിച്ചിരിക്കുന്ന കാലമത്രയും എപ്പോഴും സത്യം മാത്രമേ പറയൂ എന്നും ഏറ്റുപറയുന്നു.

തബൂക് യുദ്ധത്തിന്റെ തയ്യാറെടുപ്പിന് കാരണമായത്, സിറിയിലെ നബ്തി ഗോത്രത്തിലെ ആളുകൾ എണ്ണകച്ചവടത്തിനായി മദീനയിലേക്ക് വരാറുണ്ടായിരുന്നു. അവരിലൂടെ നബി(സ) തിരുമേനി ഒരു വാർത്ത അറിഞ്ഞു. അതായത് റോമിലെ ഖയ്സറുടെ ഒരു സേന, ഖയ്സറോടൊപ്പം സിറിയയിൽ ഒരുമിച്ച് കൂടിയിരിക്കുന്നു. നബി(സ)യ്ക്ക് ഈ വിവരം ലഭിച്ചപ്പോൾ ആളുകളിൽ (എതിരിടാൻ) ശക്തിയുണ്ടായിരുന്നില്ല. നബി(സ) പടയൊരുക്കത്തിന് ആളുകളിൽ വിളംബരം നടത്തി. അവർ തയ്യാറെടുപ്പ് നടത്തുന്നതിനായി യാത്ര പുറപ്പെടേണ്ട സ്ഥലത്തെ കുറിച്ച് അന്വേഷിച്ചു.

സഹാബാക്കൾ വലിയതോതിൽ ത്യാഗങ്ങൾ സമർപ്പിച്ചു. ആളുകൾ അവരുടെ സമ്പത്തുകൾ ഒരുമിച്ച് കൂട്ടാൻ തുടങ്ങി. അവരുടെ വീടുകളിൽനിന്ന് തേടിപിടിച്ച് യുദ്ധത്തിൽ പങ്കെടുക്കുന്നതിനായി സാധാനങ്ങൾ ഒരുമിച്ച് കൂട്ടി. ചില ആളുകൾ നഗ്നപാദങ്ങളോടെ ഈ യുദ്ധത്തിന്വേണ്ടി പുറപ്പെട്ടു. ഹദ്റത്ത് ഉമർ തന്റെ പകുതി സമ്പത്തും ഹദ്റത്ത് അബൂബക്കർ തന്റെ വീട്ടിലെ എല്ലാ സാധനങ്ങളും നബി(സ) തിരുമേനിയുടെ മുമ്പാകെ സമർപ്പിച്ചു.

ഹ: അബൂബക്കർ(റ) തബൂക് യുദ്ധാവസരത്തിൽ നല്കിയ ധനത്തിന്റെ ആകെ മൂല്യം നാലായിരം ദിർഹമായിരുന്നു. ഹദ്റത്ത് ഉസ്മാനും ആ അവസരത്തിൽ ഒട്ടകങ്ങളും കുതിരകളും പണവും ത്യാഗം ചെയ്യുകയുണ്ടായി. ആ ത്യാഗത്തിന്റെ ഫലമായി നബി(സ) തിരുമേനി മിമ്പറിൽനിന്ന് കൊണ്ട് പറഞ്ഞു:

ഈ കർമത്തിനുശേഷം ഇനി ഉസ്മാന്റെ ഒരു കർമത്തെ കുറിച്ചും ചോദിക്കപ്പെടുകയില്ല.

ഹുസൂർ തിരുമനസ്സ് പറയുന്നു: ഹദ്റത്ത് അബു അഖീൽ ഒരു സഹാബിയായിരുന്നു. അദ്ദേഹത്തിന്റെ പക്കൽ യുദ്ധത്തിനായി നല്കാൻ യാതൊന്നും തന്നെ ഉണ്ടായിരുന്നില്ല. എന്നാൽ അദ്ദേഹം അതിനായി ഒരു മാർഗം കണ്ടെത്തി. ഒരു സ്ഥലത്ത് രാത്രി കൂലി നിർണയിച്ച് കൊണ്ട് കൃഷിയിടത്തിൽ വെള്ളം നല്കുന്ന ജോലി അദ്ദേഹം ഒരാളിൽനിന്ന് ഏറ്റെടുത്തു. രാത്രി മുഴുവൻ കയർ വലിച്ച് വലിച്ച് കിണറിൽനിന്ന് വെള്ളം കോരി, കൃഷിയിടം നനച്ച്കൊണ്ടിരുന്നു. അതിന്റെ കൂലിയായി അദ്ദേഹത്തിന് രണ്ട് സാഅ് അതായത് നാലോ അഞ്ചോ കിലോ ഈന്തപ്പഴം ലഭിച്ചു. അദ്ദേഹം അതിൽ നിന്ന് പകുതി തന്റെ ഭാര്യക്കും കുട്ടികൾക്കും നല്കി. ബാക്കി പകുതിയുമായി അല്ലാഹുവിന്റെ മാർഗത്തിൽ ത്യാഗം ചെയ്യുന്നതിനായി നബി(സ) തിരുമേനിയുടെ സമക്ഷം ഹാജരായി. ഹദ്റത്ത് അബ്ദുറഹ്മാൻ ബിൻ ഔഫ് തദവസരത്തിൽ തന്റെ പകുതി സ്വത്ത് നബി(സ) തിരുമേനിയുടെ സമക്ഷം സമർപ്പിച്ചു. അതിന്റെ മൂല്യം നാലായിരത്തി നാന്നൂറ് ദിനാർ ആയിരുന്നു. ഹദ്റത്ത് ആസിം ബിൻ ആദി നൂറ് വസഖ് ഈന്തപ്പഴം സമർപ്പിച്ചു. അതിനെ കപടവിശ്വാസികൾ കാപട്യമെന്ന് പറഞ്ഞ് ആക്ഷേപിച്ചു. അല്ലാഹു അതു സംബന്ധമായി ഈ ആയത്ത് അവതരിപ്പിച്ചു.

اَلَّذِيْنَ يَلْمِزُوْنَ الْمُطَّوِّعِيْنَ مِنَ الْمُؤْمِنِيْنَ فِي الصَّدَقٰتِ وَالَّذِيْنَ لَا يَجِدُوْنَ اِلَّا جُهْدَهُمْ فَيَسْخَرُوْنَ مِنْهُمْ ؕ سَخِرَ اللّٰهُ مِنْهُمْ ۫ وَلَهُمْ عَذَابٌ اَلِيْمٌ ۝٧٩

വിശ്വാസികളിൽ ഹൃദയാത്മനാ നന്മ ചെയ്യുന്നവർക്കു മേൽ ദാനധർമങ്ങളെ സംബന്ധിച്ചും തങ്ങളുടെ സമ്പാദ്യമല്ലാതെ മറ്റൊന്നും (തങ്ങളുടെ പക്കൽ) ഇല്ലാത്തവരെ സംബന്ധിച്ചും അവർ ദുരോരോപണം ഉന്നയിക്കുന്നു. അങ്ങനെ അങ്ങനെ അവർ ഇവരെ പരിഹസിക്കുകയാണ്. അല്ലാഹു പരിഹസിക്കുന്നവർക്ക് മറുപടി നല്കുന്നതാണ്. അവർക്കാകട്ടെ, വേദനാജനകമയ ശിക്ഷ (വിധിക്കപ്പെട്ടിട്ട്) ഉണ്ട്. ഹുസൂർ തിരുമനസ്സ് പറയുന്നു: ഹദ്റത്ത് ഹിലാൽ ബിൻ ഉമയ്യായുടെ സംഭവങ്ങളുടെ കുറച്ച് ഭാഗങ്ങൾ കൂടിയുണ്ട്. ഇൻശാ അല്ലാഹ് പിന്നീട് വിവരിക്കുന്നതാണ്.

ഈ സമയം ഒരു വിളംബരം അറിയിക്കുകയാണ്. ശൂഅ്ബ വഖ്ഫെ നൗ അവരുടെ ഒരു വെബ്സൈറ്റ് ഉണ്ടാക്കിയിരിക്കുന്നു. അത് waqfenauintl.org എന്ന പേരിലാണ്. അതിന്റെ ഉദ്ഘാടനം ഇന്ന് നടക്കുന്നതാണ്. ഈ വെബ് സൈറ്റ് ഇന്നുമുതൽ ആരംഭിക്കുന്നതുമാണ്. ഇൻശാ അല്ലാഹ്. വഖ്ഫെ നൗ കുട്ടികളും അവരുടെ മാതാപിതാക്കളും അതിൽനിന്ന് തീർച്ചയായും പ്രയോജനം എടുക്കേണ്ടതാണ്.

اَلْحَمْدُ لِلّٰهِ نَحْمَدُهٗ وَ نَسْتَعِيْنُهٗ وَ نَسْتَغْفِرُهٗ وَنُؤْمِنُ بِهٖ وَ نَتَوَكَّلُ عَلَيْهِ وَنَعُوْذُ بِاللّٰهِ مِنْ شُرُوْرِ اَنْفُسِنَا وَ مِنْ سَيِّئَاتِ اَعْمَالِنَا مَنْ يَّهْدِهِ اللّٰهُ فَلَا مُضِلَّ لَهٗ وَمَنْ يُّضْلِلْهُ فَلَا هَادِيَ لَهٗ - وَنَشْهَدُ اَنْ لَّا اِلٰهَ اِلَّا اللّٰهُ وَنَشْهَدُ اَنَّ مُحَمَّدًا عَبْدُهٗ وَرَسُوْلُهٗ- عِبَادَ اللّٰهِ رَحِمَكُمُ اللّٰهُ اِنَّ اللّٰهَ يَاْمُرُ بِالْعَدْلِ وَ الْاِحْسَانِ وَ اِيْتَاءِ ذِي الْقُرْبٰى وَ يَنْهٰى عَنِ الْفَحْشَاءِ وَ الْمُنْكَرِ وَ الْبَغْيِ يَعِظُكُمْ لَعَلَّكُمْ تَذَكَّرُوْنَ اُذْكُرُوا اللّٰهَ يَذْكُرْكُمْ وَ ادْعُوْهُ يَسْتَجِبْ لَكُمْ وَلَذِكْرُ اللّٰهِ اَكْبَرُ-

സയ്യിദുനാ ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: നിരവധി അനുഗ്രഹപൂർണമായ നന്മകൾ ഉൾക്കൊള്ളുന്ന ഈ ജൽസയിൽ, തങ്ങളുടെ പാഥേയത്തിനുള്ള ചിലവ് സ്വയം വഹിക്കാൻ ശേഷിയുള്ളവരും അവശ്യസാധനങ്ങൾ കൂടെ കൊണ്ടുവരാൻ സാധിക്കുന്നവരുമായ ആളുകൾ പങ്കെടുക്കേണ്ടത് അനിവാര്യമാകുന്നു. അവർ അല്ലാഹുവിന്റെയും അവന്റെ റസൂലിന്റെയും മാർഗത്തിൽ വരുന്ന നിസ്സാരമായ ബുദ്ധിമുട്ടുകളെ വകവയ്ക്കുന്നവരുമാകരുത്. അല്ലാഹു ആത്മാർത്ഥരായവരുടെ ഓരോ ചുവടിനും പ്രതിഫലം നൽകുന്നു. അവന്റെ മാർഗത്തിലുള്ള പരിശ്രമങ്ങളും ബുദ്ധിമുട്ടുകളും പാഴായിപ്പോകുന്നതുമല്ല. ഈ സമ്മേളനത്തെ മറ്റു സാധാരണ മേളകളെപ്പോലെ കരുതരുത്. ഇത് തികച്ചും സത്യത്തിന്റെ പിന്തുണയാലും മഹത്തായ ഇസ്ലാമിക അധ്യാപനങ്ങളുടെ അടിത്തറയിലും നിലകൊള്ളുന്ന ഒന്നാണ്. ഈ ജമാഅത്തിന്റെ അടിസ്ഥാനശില അല്ലാഹു അവന്റെ സ്വന്തം കരങ്ങളാൽ വച്ചതാണ്. അതിനായിട്ട് അവൻ സമുദായങ്ങളെതന്നെ ഒരുക്കിവച്ചിരിക്കുന്നു. അവർ എത്രയും വേഗം ഇതിൽ വന്നുചേരുന്നതാണ്. കാരണം ഇത് സർവശക്തനായ അല്ലാഹുവിന്റെ പ്രവൃത്തിയാകുന്നു. അവന്റെ മുൻപിൽ അസാധ്യമായിട്ടൊന്നും തന്നെയില്ല. ഞാൻ ദുആ ചെയ്യുന്നു. ഈ ജൽസയിൽ പങ്കെടുക്കുന്നതിനായി യാത്ര ചെയ്യുന്നവരോടൊപ്പം അല്ലാഹു ഉണ്ടായിരിക്കട്ടെ. അവർക്ക് മഹത്തായ പ്രതിഫലം നല്കുകയും അവരിൽ കരുണ ചൊരിയുക യും അവരുടെ ബുദ്ധിമുട്ടുകൾ ദൂരീകരിക്കുകയും അസ്വാസ്ഥ്യങ്ങൾ നീക്കുകയും അവരെ എല്ലാ കഷ്ടപ്പാടുകളിൽനിന്നും മോചിപ്പിക്കുകയും ചെയ്യുമാറാകട്ടെ. അവരുടെ സദുദ്ദേശ്യങ്ങളെല്ലാം പൂർത്തിയാക്കപ്പെടുമാറാകട്ടെ. ഉയിർത്തെ ഴുന്നേല്പുനാളിൽ അവർ അല്ലഹുവിന്റെ അനുഗൃഹീത ദാസരോടൊപ്പം എഴുന്നേല്പിക്കപ്പെടുകയും അവരുടെ യാത്രാന്ത്യത്തോടെ അവർക്കുശേഷം അവരുടെ പ്രതിനിധി ഉണ്ടായിരിക്കുകയും ചെയ്യുമാറാകട്ടെ. മഹത്ത്വമുടയവനും മഹാഔദാര്യവാനും കരുണാമയനും പ്രയാസങ്ങൾ അകറ്റുന്നവനുമായ അല്ലാഹുവേ! ഈ എല്ലാ ദുആകളും നീ സ്വീകരിക്കേണമേ. ഞങ്ങൾക്കു ഞങ്ങളുടെ എതിരാളികളുടെമേൽ വ്യക്തമായ അടയാങ്ങൾകൊണ്ട് നീ വിജയം നല്കേണമേ. ആമീൻ ഥുമ്മ ആമീൻ.

മജ്മൂഅഃ ഇശ്തിഹാറാത്ത് (7.12.92)